₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L   L I F E   V O I C E

Monthly

Volume 12
Issue 2

**August 2023**

pages 24

"സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാ വർക്കുംവേണ്ടി ഏൽപ്പിച്ചു തന്നവൻ അവനോ ടുകൂടെ സകലവും നമുക്ക് നൽകാതിരി ക്കുമോ?...... ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ട തയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?"

**(റോമർ 8:32–35)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | R E A L L I F E V O I C E | No. 140 |
| --- | --- | --- |

Volume 12 Issue 2 August 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ **Google Pay/PhonePe** ചെയ്യാം. അല്ലെങ്കിൽ ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 140**

## ഉള്ളടക്കം

| | പേജ് |
| --- | --- |
| • കണ്ണുനീരുണങ്ങാത്ത മണിപ്പൂർ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (16) | 7 |
| • റോമർ 16 ലെ ദൈവമക്കൾ (13) | 10 |
| • ഹബക്കൂക് (18) | 13 |
| • ചോദ്യവും ഉത്തരവും (34) | 16 |
| • കൊച്ചുണ്ണിയുടെ ബൈബിൾ... (23) | 18 |
| • ഓരോരോ ജന്മങ്ങള് (13) | 20 |
| • ... ദുരന്തക്കാഴ്ചകൾ (66) | 22 |
| • ദേ പിന്നേം | 24 |

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

# എഡിറ്റോറിയൽ



# കണ്ണുനീരുണങ്ങാത്ത മണിപ്പൂർ

മണിപ്പൂരിലെ ഗോത്രവർഗ്ഗമല്ലാത്ത മെയ്തികളും ഗോത്രവർഗ്ഗമായ കുക്കികളും തമ്മിൽ ആരംഭിച്ച വംശീയകലാപം നിമിത്തം ഇന്ത്യയ്ക്ക് ലോകത്തിന്റെ മുമ്പാകെ നാണംകെട്ട് തലകുനിച്ച് നിൽക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. മണിപ്പൂരിൽ ഇന്റർനെറ്റ് കട്ട് ചെയ്തുകൊണ്ട്, അവിടെ അരങ്ങേറുന്ന ക്രൂരതയുടെ കാഠിന്യം പുറംലോകം അറിയാതിരിക്കാൻ ഗവൺമെന്റ് കാപട്യം നിറഞ്ഞ ഒരു കൗശലപ്രയോഗം നടത്തിയെങ്കിലും, ഇന്റർനെറ്റ് നിരോധനം നീങ്ങിയതോടെ പ്രചരിച്ചത് രണ്ടു യുവതികളെ വിവസ്ത്രരാക്കിയും അപമാനിച്ചും റോഡിലൂടെ നടത്തിക്കൊണ്ട് പോകുന്ന വീഡിയോയാണ്.

മനുഷ്യമന:സാക്ഷിയെ മരവിപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. 2023 മെയ് 4 ന് സംഭവിച്ച ഈ ഭീകരരംഗം, ജൂലൈ 20-ന് ഇന്റർനെറ്റ് നിരോധനം നീങ്ങിയതോടുകൂടിയാണ് പുറംലോകം അറിഞ്ഞത്. രണ്ടു മാസത്തിലധികം ഇക്കാര്യം ആരുമറിഞ്ഞില്ല. നിസ്സഹായരായ ആ യുവതികളുടെ മാനത്തിനും ജീവനും വേണ്ടിയുള്ള നിലവിളിയിൽ *ഭാരത് മാതാ കീ ജെയ്* എന്ന പ്രശസ്തമായ മുദ്രാവാക്യം പരിഹസിക്കപ്പെടുകയാണ് ചെയ്തത്.

ലോകസമൂഹത്തിന്റെ മുമ്പിൽ ഭാരതത്തെ ഭീകരത നിറഞ്ഞ ഒരു കോമാളിയായി അവതരിപ്പിക്കുന്നതിന് ഇതുമൂലം ഇടയായി. അമ്മയെയും പെങ്ങളെയും തിരിച്ചറിയാത്ത ചില സമൂഹദ്രോഹികളുടെ ഇത്തരം നീചപ്രവൃത്തികൾ മൂലം തകർന്നു തരിപ്പണമാവുന്നത് കുറെ പാവങ്ങളുടെ ജീവനും മാനവും സ്വപ്നങ്ങളും മാത്രമല്ല, വർഷങ്ങളുടെ അദ്ധ്വാനംകൊണ്ട് പടുത്തുയർത്തിയ നമ്മുടെ രാജ്യത്തിന്റെ പേരും പെരുമയും കൂടിയാണ്. ബ്രിട്ടീഷ്കോളനി എന്ന അവസ്ഥയിൽനിന്നും സ്വതന്ത്രരാജ്യം എന്ന അവസ്ഥയിലേക്ക് നാം എത്തിയത് ഇതിനെല്ലാം വേണ്ടിയായിരുന്നുവോ?

ഏതായാലും ക്രൂരത നിറഞ്ഞ ആ വീഡിയോ പ്രചരിച്ചത് നിമിത്തം, രണ്ടര മാസത്തോളമായി മണിപ്പൂർവിഷയത്തിൽ മൗനവ്രതത്തിലായിരുന്ന

ആദരീണയനായ പ്രധാനമന്ത്രി മോദിജി തിരുവാ തുറന്ന് അല്പം ചില വാക്കുകൾ പുറത്തേക്ക് ഛർദ്ദിച്ചു. സന്തോഷം. മണിപ്പൂരിലെ കാര്യം ചോദിക്കുമ്പോൾ ഉത്തരം പറയാതിരുന്ന അദ്ദേഹത്തിന്റെ ചുണ്ടുകൾ ഒട്ടിപ്പിടിച്ചു പോയ നിലയിലാണോ എന്ന സംശയം അങ്ങനെ മാറിക്കിട്ടി. അധികാരം കയ്യിലുള്ളയാൾ നിർണ്ണായക നേരങ്ങളിൽ മിണ്ടാതിരുന്നാൽ അത് ദോഷം ചെയ്യുന്നതിനുള്ള മൗനാനുവാദമായി മാത്രമേ വ്യാഖ്യാനിക്കപ്പെടുകയുള്ളൂ.

കോൺഗ്രസ് ഭരിക്കുന്ന ഛത്തിസ്ഗഡിലും രാജസ്ഥാനിലും ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി മണിപ്പൂർവിഷയത്തെക്കുറിച്ച് പ്രതികരിച്ചത്. ഒരു പ്രധാനമന്ത്രി എന്ന ഉന്നതമായ പദവിക്ക് ഒട്ടും യോജിക്കാത്ത വിധമുള്ള ഒരു പരാമർശമായിരുന്നു അത്. ബിജെപി ഭരിക്കുന്ന മണിപ്പൂരിനുവേണ്ടി വെറുമൊരു ന്യായീകരണത്തൊഴിലാളി എന്ന നിലയിൽ തരംതാണുകൊണ്ടുള്ള ഈ പ്രതികരണം കേൾക്കുന്നവരിൽ അദ്ദേഹത്തെക്കുറിച്ച് അവമതിപ്പ് ഉളവാക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ.

കോൺഗ്രസ് ഭരിക്കുന്ന ഛത്തിസ്ഗഡിന്റെയും രാജസ്ഥാന്റെയും കാര്യം പറഞ്ഞ പ്രധാനമന്ത്രി, ബിജെപി ഭരിക്കുന്ന യുപിയും മദ്ധ്യപ്രദേശും ഓർക്കാതെ പോയി. യുപിയിലും മദ്ധ്യപ്രദേശിലും നടന്നിട്ടുള്ള സ്ത്രീപീഡനങ്ങളുടെ കാര്യം കൂടി പറയാതെ കോൺഗ്രസ് ഭരിക്കുന്ന രണ്ടു സംസ്ഥാനങ്ങളിലെ കാര്യം മാത്രം പറഞ്ഞതിൽനിന്നും, ഒരു പ്രധാനമന്ത്രി എന്ന നിലയിൽ നിഷ്പക്ഷസ്വഭാവം പ്രകടിപ്പിക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടുപോയി എന്നു വ്യക്തമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് മറുപടി പറയേണ്ടത്, അല്ലാതെ ബിജെപി നേതാവായ നരേന്ദ്രമോദിയല്ല എന്ന കാര്യം അദ്ദേഹം മറന്നുവോ?

കോൺഗ്രസ് ഭരിക്കുന്ന ഛത്തിസ്ഗഡിലും രാജസ്ഥാനിലും ഇത്തരം ക്രൂരതകൾ നടന്നിട്ടുള്ളതുകൊണ്ട് ബിജെപി ഭരിക്കുന്ന മണിപ്പൂരിലും ആകാമെന്നാണോ? ക്രൂരതകൾ എവിടെ നടന്നാലും അത് തെറ്റ് തന്നെയാണ്. അതിന്റെ ദോഷഫലം അനുഭവിക്കേണ്ടിവരുന്ന ഇരകൾ ഏത് വിഭാഗമെന്നോ ഏത് സംസ്ഥാനമെന്നോ നാം നോക്കേണ്ടതില്ല. അവരുടെ വേദന നമ്മുടെയും വേദനയായി മാറുമ്പോഴാണ് ദേശീയത എന്ന ആശയം നമ്മിലുണ്ടെന്നു വരുന്നുള്ളൂ.

മണിപ്പൂരിലെ മുഖ്യമന്ത്രി  ബിരേൻസിങ് തന്റെ നേതാവായ മോദിജിയുടെ സ്വഭാവം അനുകരിച്ചുകൊണ്ടു തന്നെയാണ് സംസാരിച്ചത്. ഇതുപോലുള്ള നൂറുകണക്കിന് സംഭവങ്ങൾ നടന്നിട്ടുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതെന്തൊരു മാനസികാവസ്ഥയാണ്! മുന്നേ നടന്നിട്ടുള്ള അക്രമങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്പോൾ നടക്കുന്ന അക്രമങ്ങളെ ലഘൂക

രിച്ച് കാണുകയോ! ഉത്തരവാദിത്ത ബോധത്തോടെ അധികാരക്കസേരയിൽ ഇരിക്കുന്ന ഒരാൾ കാണിക്കേണ്ട സ്വഭാവമല്ല ഇത്. സംസ്ഥാനത്തിന്റെ പ്രതിച്ഛായ നഷ്ടപ്പെടുന്നതിൽ അദ്ദേഹത്തിന് ഉത്കണ്ഠയുണ്ടത്രേ! തെറ്റുകളെ മൂടിവച്ചല്ല സംസ്ഥാനത്തിന്റെ പ്രതിഛായ നിലനിർത്തേണ്ടത്. ഏതായാലും കുറ്റവാളികളെ വെറുതെ വിടില്ലെന്നും അവർക്ക് മാപ്പില്ലെന്നും പ്രധാനമന്ത്രി പറഞ്ഞതിൽനിന്നും അദ്ദേഹം കാര്യങ്ങളെ ഗൗരവത്തോടെ കാണാൻ തുടങ്ങിയെന്നു മനസ്സിലാക്കാം.

സുപ്രീംകോടതിയുടെ പ്രകടനമാണ് ഇവിടെ എടുത്തുപറയേണ്ടത്. വിഷയം സ്വമേധയാ പരിഗണിച്ച സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് നടത്തിയ പ്രതികരണം ഇപ്രകാരമായിരുന്നു:

> സ്ത്രീകൾക്കെതിരായ ഇത്തരം അതിക്രമങ്ങൾ ഭരണഘടനാധിഷ്ഠിത ജനാധിപത്യമുള്ള രാജ്യത്ത് ഒരു തരത്തിലും അംഗീകരിക്കാനാവില്ല. സർക്കാർ രംഗത്തിറങ്ങേണ്ട സമയമാണിത്. അങ്ങേയറ്റം ഞെട്ടിക്കുന്ന ദൃശ്യങ്ങളാണ് പുറത്തുവന്നത്. സർക്കാരിന് അല്പം സമയം തരുന്നു. ഒന്നും സംഭവിക്കുന്നില്ലെങ്കിൽ നേരിട്ട് ഇടപെടും.

മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യരിൽ സ്ത്രീകളുടെ മാത്രമായി അവകാശങ്ങൾ സംരക്ഷിക്കാൻ വനിതാ കമ്മീഷൻ, രഹസ്യാന്വേഷണവിഭാഗം, പോലീസ്... ഇങ്ങനെ രാജ്യത്ത് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ട്? ഈ സംവിധാനങ്ങളെയെല്ലാം നിലനിർത്താനും ഇതിലെയെല്ലാം ഉദ്യോഗസ്ഥരെ തീറ്റിപ്പോറ്റാനും കോടികൾ ചെലവിടുന്ന ഒരു രാജ്യത്താണ് മണിപ്പൂരിലെ തീനാളങ്ങളും നിലവിളികളും ചോരപ്പാടുകളും ചോദ്യചിഹ്നമായി നിൽക്കുന്നത് എന്നോർക്കുക.

ഇതാണോ ഗാന്ധിജി ഉൾപ്പെടെയുള്ളവർ സ്വപ്നം കണ്ട സാഹോദര്യം (brotherhood)? ഹിന്ദുവും മുസ്ലീമും എല്ലാം കൈകോർത്ത് നിൽക്കുന്ന ഇന്ത്യ! മണിപ്പൂരിൽ മെയ്തികൾക്കും കുക്കികൾക്കും കൈ കോർത്തു നിൽക്കാനല്ല, കൊമ്പ് കോർത്ത് നിൽക്കാനാണ് പ്രേരണയുണ്ടായത്. വംശീയകലാപത്തിന്റെ മറവിൽ ക്രിസ്ത്യാനികൾക്കു നേരെയുണ്ടായ വ്യാപകമായ അക്രമങ്ങളെയും ഭരണകൂടം കണ്ടില്ലെന്നു നടിച്ചുവോ? രണ്ടര മാസത്തോളമായി അരങ്ങേറിയ അക്രമങ്ങളും അഴിഞ്ഞാട്ടവും അമർച്ച ചെയ്യുവാൻ ഭരണകൂടത്തിന് കഴിവില്ലാതിരുന്നുവോ?

മണിപ്പൂരിൽ എത്രയും വേഗം സമാധാനത്തിന്റെ വെള്ളക്കൊടി പാറട്ടെ എന്നു പ്രാർത്ഥിക്കുന്നു. മെയ്തികളും കുക്കികളും ഒരേ രാജ്യത്തിന്റെ ഭാഗമാണെന്നു തിരിച്ചറിഞ്ഞ് പരസ്പരം സ്നേഹിക്കട്ടെ. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Johnson C S, Kulamavu, Idukki

*റിയൽ ലൈഫ്* മാസിക ലഭിക്കുന്നുണ്ട്. എല്ലാ ലേഖനങ്ങളും വളരെ ചിന്തനീയമാണ്. കർത്താവ് അനുഗ്രഹിക്കട്ടെ.

## Mary Babu, Perumbavoor, Ernakulam

ജൂലൈ മാസത്തിലെ മാസിക വായിച്ചു. എല്ലാ ലേഖനങ്ങളും വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. *ഓരോരോ ജന്മങ്ങള്* എന്ന ലേഖനം വായിച്ചപ്പോൾ ഇങ്ങനെ എഴുതുവാൻ പ്രേരണയുണ്ടായി. ആത്മീയഗോളത്തിൽ വിമർശനം ശീലമാക്കിയവർ അനേകരുണ്ട്. പക്ഷേ അവരെ വിമർശിക്കാൻ അവസരം ആർക്കും കിട്ടില്ല. അവർ എന്തെങ്കിലും ചെയ്താലല്ലേ അവരെ വിമർശിക്കാൻ കഴിയൂ. ഫലമില്ലാത്ത വൃക്ഷത്തിലേക്ക് ആരും കല്ലെറിയില്ലല്ലോ. അതുകൊണ്ട് വിമർശനം ഏൽക്കുമ്പോൾ സന്തോഷത്തോടെ, ധൈര്യത്തോടെ മുന്നേറുക. അതിനായി സഹോദരനെ ദൈവം ശക്തീകരിക്കട്ടെ.

## C F David Kandath, Banglore

മാസിക ലഭിച്ചുകൊണ്ടിരിക്കുന്നു. വളരെ സന്തോഷം. ജൂലൈ മാസത്തിലെ *വിവാഹജീവിതത്തിലെ നാലു വില്ലന്മാർ* എന്ന എഡിറ്റോറിയൽ കാലികമായിരുന്നു. അത് സഭകളിൽ പ്രസംഗിച്ചിരുന്നുവെങ്കിൽ എത്രയോ നല്ലതാണ്. *ഇവിടെനിന്നും പോകാൻ താത്പര്യമില്ലാത്തവർ* എന്ന ലേഖനവും വളരെ പ്രസക്തമാണ്. മാസികയുടെ പേജുകൾ കുറഞ്ഞുപോയോ എന്നൊരു സംശയം.

**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

16

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

### തക്ക തുണയുടെ വേർപാട്

കുര്യന്റെ മനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയ രണ്ടു സംഭവങ്ങളുണ്ട്. അതിൽ ഒന്നാമത്തേത്, അദ്ദേഹത്തിന്റെ അമ്മയുടെ ആകസ്മിക നിര്യാണമാണ്. 1955–ലാണ് അത് സംഭവിച്ചത്. "ഞാനെങ്ങനെ മറക്കും?" എന്ന പുസ്തകം എഴുതുവാനും 1971–ൽ അത് പ്രസിദ്ധീകരിക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ സംഭവമാണ്.

രണ്ടാമത്തെ സംഭവം, 1986–ൽ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ഭാര്യ മറിയാമ്മയുടെ വേർപാടായിരുന്നു. ഇംഗ്ലീഷിൽ "In Memoriam" (സ്മരണയ്ക്കായി) എന്ന വിലാപകാവ്യം ചമയ്ക്കുന്നതിന് കാരണമായത് ഈ സംഭവമാണ്.

അന്യനാട്ടിൽ ദൈവത്തെ സേവിക്കുന്നതിന് സ്വയം സമർപ്പിക്കാൻ അദ്ദേഹത്തിന് പ്രചോദനമായത് തന്റെ അമ്മയുടെ ജീവിതമാണ്. എന്നാൽ, ആ മിഷനറിജീവിതത്തിൽ നേരിട്ട ആകുലതകളും രോഗങ്ങളും നിരാശ

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

കളും നിറഞ്ഞ കൊടുങ്കാറ്റുകളെ അതിജീവിക്കാൻ അദ്ദേഹത്തെ സഹായിച്ചത് ഭാര്യ മറിയാമ്മയുടെ കർത്താവിലുള്ള ശക്തമായ വിശ്വാസമാണ്.

ദൈവവചനം പരിശോധിക്കുമ്പോൾ, നല്ല കാര്യങ്ങൾ ചെയ്യാനും ശരിയായ തീരുമാനങ്ങൾ എടുക്കാനും ഭാര്യമാർ അവരുടെ ഭർത്താക്കന്മാരെ സഹായിക്കുന്ന സന്ദർഭങ്ങൾ നാം കാണുന്നു. അതുപോലെ, തെറ്റായ കാര്യങ്ങൾ ചെയ്യാനും തെറ്റായ തീരുമാനങ്ങൾ എടുക്കാനും ഭർത്താക്കന്മാരെ ഭാര്യമാർ പ്രേരിപ്പിക്കുന്ന സംഭവങ്ങളും നമുക്കു കാണാം. എലീശാ പ്രവാചകന് വിശ്രമിക്കുന്നതിനായി തങ്ങളുടെ വീട്ടിൽ ഒരു അറ ഒരുക്കണമെന്ന് തന്റെ ഭർത്താവിനോട് പറഞ്ഞ ശൂനേമിലെ സ്ത്രീയെപ്പോലുള്ള ഭാര്യമാർ (2 രാജാക്കന്മാർ 4-ാം അദ്ധ്യായം) ഇതിൽ ആദ്യത്തെ വിഭാഗത്തിൽ പെടുന്നു. ഇത്തരം ഭാര്യമാർ എണ്ണത്തിൽ കുറവാണ്.

കുര്യന്റെ ഭാര്യ മറിയാമ്മ ഈ ചെറിയ കൂട്ടത്തിൽ  ഉൾപ്പെടുന്നയാളാണ്. അവൾ എപ്പോഴും തന്റെ ഭർത്താവിന് തക്ക തുണയായിരുന്നു. ദൈവഹിതം ശരിയായി മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അവൾ തന്റെ ഭർത്താവിനെ സഹായിച്ചു. അപ്പൊ.പ്രവൃ. 18 ൽ കാണുന്ന പ്രിസ്കില്ല തന്റെ ഭർത്താവായ അക്വീലാവിനെ അവന്റെ ജോലിയിൽ സഹായിക്കാൻ സദാ സന്നദ്ധയായിരുന്നപോലെ, കുര്യന്റെ ജോലിയുടെ ഭാരം പങ്കിടാൻ മറിയാമ്മയും വളരെ ഉത്സാഹമുള്ളവളായിരുന്നു. സ്വന്തം മക്കളെ പഠിപ്പിച്ചത്, അതിഥികളെ സത്കരിച്ചത്, സൺഡേസ്കൂൾ ക്ലാസ്സുകൾ എടുത്തത്, ലേഡീസ്ഹോസ്റ്റലിലെ വിദ്യാർത്ഥിനികളെ ബൈബിൾ പഠിപ്പിച്ചത് എന്നിങ്ങനെ മറിയാമ്മ ചെയ്ത കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യം നമുക്ക് വ്യക്തമാകുന്നതാണ്. വളരെ നന്നായി പാടുവാനുള്ള കഴിവും മറിയാമ്മയ്ക്കുണ്ടായിരുന്നു.

അവർക്ക് 9 മക്കളെ ദൈവം കൊടുത്തു. 1. ജെയ്ൻ (1943); 2. ലില്ലി (1945); 3. രാജ്കുമാർ (1849); 4. ജെയിംസ് കുര്യൻ (1951); 5. ഡെയ്സി കുര്യൻ (1953); 6. ജോൺസൺ കുര്യൻ (1954); 7. ജോയ്സ് കുര്യൻ (1956); 8. തോംസൺ കുര്യൻ (1958). ഒമ്പതാമത് ഒരു കുഞ്ഞ് 1961 ൽ ജനിച്ചുവെങ്കിലും അധികം താമസിയാതെ ആ കുഞ്ഞ് മരിച്ചുപോയി. ദൈവം കൊടുത്ത എട്ടു കുഞ്ഞുങ്ങളെയും പരിപാലിക്കുന്ന ഭാരിച്ച ഉത്തരവാദിത്തം ശ്രീമതി കുര്യനുണ്ടായിരുന്നു. അതിൽ മറിയാമ്മ വിജയിച്ചു. മക്കളെ നല്ല രീതിയിൽ വളർത്തി, പഠിപ്പിച്ചു. ദൈവവഴിയിൽ അവരെ അഭ്യസിപ്പിച്ചു.

മക്കളുടെ വിദ്യാഭ്യാസത്തിൽ മറിയാമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഉചിതമായ കോഴ്സുകൾ പഠിക്കാനും ഉചിതമായ സ്ഥലത്ത് പഠിക്കാനും മക്കൾക്ക് കഴിയത്തക്കവിധം മറിയാമ്മ വിവേകത്തോടും പ്രാർത്ഥനയോടും

കൂടി തീരുമാനങ്ങളെടുത്തു നടപ്പാക്കി. പഠനത്തിനുശേഷം മക്കൾക്ക് നല്ല ജോലികൾ ലഭിക്കാൻ അതു നിമിത്തം സാധിച്ചു. ലില്ലിയും ഡെയ്സിയും ഡോക്ടർമാരായി. മറ്റുള്ളവർക്കെല്ലാം ഇന്ത്യയിലോ വിദേശത്തോ നല്ല ജോലികൾ ലഭിച്ചു. മൂത്ത മകൾ ജെയ്നമ്മയ്ക്കു (ജെയ്ൻ) മാത്രം ഒരു യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടുവാൻ കഴിഞ്ഞില്ല. അവളുടെ വിവാഹം അതിനുമുമ്പേ കഴിഞ്ഞിരുന്നു.

എട്ടു മക്കളുടെ അമ്മ എന്ന നിലയിലും ഒരു സുവിശേഷകന്റെ ഭാര്യ എന്ന നിലയിലും മറിയാമ്മയ്ക്ക് കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ടായിരുന്നു. പ്രമേഹവും (diabetes) ഉയർന്ന രക്തസമ്മർദ്ദവും (high blood pressure) അവൾക്ക് സഹിക്കേണ്ടി വന്നു. കുടുംബത്തിന്റെയും സഭയുടെയും കാര്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുത്തതുകൊണ്ട് സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കാൻ അവൾക്ക് കഴിഞ്ഞില്ല. സ്ഥിരമായി മരുന്നു കഴിക്കാനും ആശുപത്രിയിൽ പതിവു പരിശോധനയ്ക്ക് പോകാനും അവൾ വലിയ താത്പര്യം കാണിക്കാതിരുന്നത് ഇത് നിമിത്തമാകാം.

1986 സെപ്റ്റംബർ 15 ന് മറിയാമ്മയ്ക്ക് ഗുരുതരമായ നിലയിൽ ഹൃദയാഘാതം സംഭവിച്ചു. ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സ കൊടുത്തുവെങ്കിലും ആ ജീവൻ രക്ഷിക്കാനായില്ല. അവൾ കർത്താവിൽ നിദ്ര പ്രാപിച്ചു. 66 വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ കുറിയന്നൂർ എന്ന സ്ഥലത്ത്നിന്ന് ആരംഭിച്ച ആ ജീവിതയാത്ര, 2000 കിലോമീറ്റർ അകലെ മദ്ധ്യപ്രദേശിലുള്ള സാഗറിൽ അവസാനിച്ചു. കർത്താവിന്റെ സാക്ഷിയാകാനുള്ള അവളുടെ ആഗ്രഹമാണ് അവളെ സാഗറിൽ എത്തിച്ചത്. അവിടെയുള്ള ക്രിസ്ത്യൻ സെമിത്തേരിയിൽ അവളെ അടക്കം ചെയ്തു.

**(തുടരും)**

140

**ദൈവത്തിനു സ്തോത്രം!**

ഈ ലക്കം *റിയൽ ലൈഫ് വോയ്സിന്റെ* 140-ാം ലക്കമാണ്. കഴിഞ്ഞ 140 മാസങ്ങളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഈ മാസിക പ്രസിദ്ധീകരിക്കുവാൻ സ്നേഹവാനായ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

13

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

25. **ഫിലൊലൊഗൊസ്**
26. **യൂലിയ**
27. **നെരെയൂസ്**
28. **അവന്റെ സഹോദരി**
29. **ഒലുമ്പാസ്, കൂടെയുള്ള സകല വിശുദ്ധന്മാർ**

*"ഫിലൊലൊഗൊസിനും യൂലിയെക്കും നെരെയൂസിനും അവന്റെ സഹോദരിക്കും ഒലുമ്പാസിനും അവരോടുകൂടെയുള്ള സകല വിശുദ്ധന്മാർക്കും വന്ദനം ചൊല്ലുവിൻ" (റോമർ 16:15).*

ഒന്നാം നൂറ്റാണ്ടിലെ ചില വിശുദ്ധന്മാർ! കർത്താവിന്റെ പേരിൽ സ്വന്തം ജീവൻ വരെ നഷ്ടപ്പെടുത്താൻ തയ്യാറായവർ! യേശുവിനെ കർത്താവായി സ്വീകരിച്ചാൽ സമൂഹത്തിൽനിന്നും പുറത്താക്കപ്പെടുവാൻ സാധ്യതയുണ്ടായിരുന്നിട്ടും യേശുവിനെ കർത്താവേ എന്നു പരസ്യമായി വിളിക്കാൻ ധൈര്യപ്പെട്ടവർ! തങ്ങൾക്കു മീതെ കർത്താവിനെ ഉയർത്തിക്കാണിച്ചവർ! കർത്താവിന്റെ പേരിൽ നിന്ദയും അപമാനവും സഹിക്കാൻ തയ്യാറായവർ!

സ്വയത്തെ ഉയർത്തിക്കാണിക്കാനുള്ള ശ്രമങ്ങളാണ് ഇന്നു കാണുന്നത്. 'ഞാൻ വലിയവൻ', 'ഞാൻ മാത്രം ബുദ്ധിയുള്ളവൻ' എന്നൊക്കെ കാണിക്കാൻ പലരും വെമ്പൽ കൊള്ളുന്നു. ആത്മീയശുശ്രൂഷകളിൽ പലതിലും കർത്താവിനെ ഉയർത്തിക്കാണിക്കുന്നതിനു പകരം വ്യക്തികളെ ഉയർത്തിക്കാണിക്കുന്നു. അഹങ്കാരത്തിന്റെയും ധിക്കാരത്തിന്റെയും പ്രതിഫലനമായ വാക്കുകൾ ഇന്നു പല വിശ്വാസികളിൽനിന്നും പുറപ്പെടുന്നു. പക്ഷേ ഒന്നാം നൂറ്റാണ്ടിലെ വിശുദ്ധന്മാർ യേശു എന്ന അലങ്കാരത്തോടെ ജീവിച്ചുകാണിച്ചവരാണ്.

സാക്ഷികളുടെ വലിയ സമൂഹത്തെയാണ് (എബ്രായർ 12:1) നാം റോമാലേഖനം 16-ാം അദ്ധ്യായത്തിൽ കാണുന്നത്. പഴയനിയമത്തിലെ സാക്ഷി

കളുടെ വലിയ സമൂഹത്തെ എബ്രായർ 11–ാം അദ്ധ്യായത്തിൽ കാണുന്നുണ്ടല്ലോ. ഒന്നാം നൂറ്റാണ്ടിൽ റോമിലുണ്ടായിരുന്ന സമൂഹത്തെയാണ് നാം ഇപ്പോൾ നോക്കിക്കണ്ടുകൊണ്ടിരിക്കുന്നത്. അവരെ നമുക്കു അനുകരിക്കാം. അവരിൽ നിന്നും നമുക്കും ഊർജ്ജം സ്വീകരിക്കാം. നമ്മുടെ സ്വന്തമായ താത്പര്യങ്ങളേക്കാൾ നമുക്കു സഭാകാര്യങ്ങൾക്കു ഊന്നൽ കൊടുക്കാം. സഭയ്ക്കു ഗുണകരമായ നിലയിൽ നമുക്കു മുന്നോട്ടു പോകാം. സഭാശുശ്രൂഷകരെ നമുക്കു ആദരിക്കാം.

**ഫിലൊലൊഗൊസ്**

'ലൊഗൊസ്' എന്നാൽ വചനം എന്നർത്ഥം. 'ഫിലൊലൊഗൊസ്' എന്നു വച്ചാൽ 'വചനങ്ങളെ (വാക്കുകളെ) ഇഷ്ടപ്പെടുന്നവൻ' (fond of words) എന്നാണർത്ഥം. 'സംസാരപ്രിയൻ' (talkative) എന്നും അർത്ഥമുണ്ടത്രേ. ആദിയിൽ വചനം ഉണ്ടായിരുന്നു.... എന്നിങ്ങനെ യേശുവിനെക്കുറിച്ച് നാം യോഹന്നാൻ 1:1 ൽ വായിക്കുന്നിടത്ത്, ലോഗോസ് എന്ന പദമാണ് വചനം എന്നതിന് ഉപയോഗിച്ചിട്ടുള്ളത്. അതായത്, ലോഗോസ് എന്ന പദം യേശുവിന്റെ പര്യായപദമാണ്. ഓ! ഫിലൊലൊഗോസ്... അവനറിയാതെ കർത്താവിന്റെ പേര് (ലൊഗൊസ്) അവന്റെ സ്വന്തം പേരിൽ വന്നിരിക്കുന്നു!

സ്വന്തം പേരിനെ അന്വർത്ഥമാക്കും വിധം അദ്ദേഹം യേശുവിനെ സ്വന്തം രക്ഷകനായി സ്വീകരിച്ചു. അവന്റെ പേരിൽ ഉണ്ടായിരുന്ന ലൊഗോസ് (വചനം = യേശു) അങ്ങനെ അവന്റെ ജീവിതത്തിലും എത്തി. അവൻ വചനം ഇഷ്ടപ്പെടുന്നവനായി; യേശുവിനെക്കുറിച്ച് സംസാരപ്രിയനും ആയി. എത്രയോ ആളുകളോടു അവൻ സുവിശേഷം പറഞ്ഞിരിക്കാം! നമുക്കും നമ്മുടെ കർത്താവിനെക്കുറിച്ചു സംസാരപ്രിയരാകാം. കർത്താവിനെ ഉയർത്തിക്കാണിക്കുന്ന വാക്കുകൾ നമ്മുടെ ഹൃദയത്തിൽ നിറഞ്ഞ് അധരങ്ങളിലൂടെ പുറത്തേക്ക് ഒഴുകട്ടെ.

**യൂലിയ**

വീണ്ടും ഒരു സഹോദരിയുടെ പേര് ഈ ലിസ്റ്റിൽ വന്നിരിക്കുന്നു! ഈ ലിസ്റ്റിൽ വരുന്ന എട്ടാമത്തെ സഹോദരിയാണിത്. സഹോദരിമാർ സഭയുടെ അവിഭാജ്യഘടകമാണ്. സഭയുടെ വളർച്ചയ്ക്ക് സഹോദരിമാരുടെ ശുശ്രൂഷ ആവശ്യമുണ്ട്. യൂലിയ എന്നത് ഒരു അടിമപ്പെണ്ണിന്റെ പേരാണെന്നു കണക്കാക്കപ്പെടുന്നു. ഇന്ന് അവൾ കർത്താവിന്റെ അടിമയായി!

ദാസ്, ദാസൻ എന്നൊക്കെ പേരുള്ളവരും, മറ്റു ദേവന്മാരുടെ പേരിനോടുകൂടെ ദാസ് എന്നു ചേർത്ത് വിളിക്കപ്പെടുന്നവരും (കൃഷ്ണദാസ്, രാമദാസ്, ശിവദാസ്) ഉണ്ട്. ഇവരിൽ ചിലർ കർത്താവിനെ രക്ഷകനായി സ്വീക

രിച്ച് കർത്താവിന്റെ ദാസന്മാരായിത്തീർന്ന കാഴ്ചയും നാം കാണുന്നുണ്ട്. ദാസനാകുന്നുവെങ്കിൽ യഥാർത്ഥ യജമാനന്റെ ദാസനാകണം എന്നു ചിന്തിച്ച വിവേകമതികളാണ് അവർ. “നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ” (മത്തായി 25:23) എന്ന വിളി കേൾക്കാൻ നമുക്ക് എല്ലാവർക്കും ഉത്സാഹിക്കാം.

**നെരെയൂസും അവന്റെ സഹോദരിയും**

ഇവർ കർത്താവിനുവേണ്ടി ജീവിച്ച ഒരു ആങ്ങളയും പെങ്ങളും ആണ്. മോശെ-മിര്യാം, ലാസർ-മറിയ എന്നിങ്ങനെ ചുരുക്കം ചില ആങ്ങളപെങ്ങൾമാരെ മാത്രമാണ് നാം ബൈബിളിൽ കാണുന്നത്. നെരെയൂസും അവന്റെ പെങ്ങളും സഭയ്ക്കു പ്രയോജനമുള്ളവരായിരുന്നു. ആ ആങ്ങളയും പെങ്ങളും ഒരുമിച്ചു സഭായോഗത്തിനു പോകുന്ന കാഴ്ച മനോഹരം തന്നെ. അവരുടെ മാതാപിതാക്കൾ ഒരുപക്ഷേ അപ്പോൾ ജീവിച്ചിരിക്കണമെന്നില്ല. പക്ഷേ അവരുടെ രണ്ടു മക്കൾ ദൈവത്തിനു കൊള്ളാകുന്നവരായി തീർന്നിരിക്കുന്നു.

**ഒലുമ്പാസും കൂടെയുള്ള വിശുദ്ധന്മാരും**

ഒലുമ്പാസിന്റെ വീട്ടിൽ സഭാകൂടിവരവ് ഉണ്ടായിരിക്കും. അവിടെ കൂടിവരുന്ന സഹോദരങ്ങളെ ഉദ്ദേശിച്ചാണ് ‘കൂടെയുള്ള വിശുദ്ധന്മാർ’ എന്നു പറഞ്ഞിരിക്കുന്നത്. ഈ ലേഖനം റോമിലെ സഭയ്ക്ക് എഴുതിയ ലേഖനം എന്ന് നാം പറയുന്നുവെങ്കിലും, ഇത് റോമിൽ ഉള്ള ഒരു സഭാകൂടിവരവിനു വേണ്ടി എഴുതിയതല്ല. റോമിൽ തന്നെ പല കൂടിവരവുകൾ വ്യത്യസ്ത വീടുകളിൽ ഉണ്ടായിരുന്നു (16:5,14,15). അക്കാലങ്ങളിൽ സഭകൾ കൊച്ചു കൊച്ചു കൂട്ടങ്ങളായി വ്യത്യസ്ത ഭവനങ്ങളിലാണ് കൂടിവന്നിരുന്നത്. സഭായോഗങ്ങൾ നടത്തുന്നതിന് വലിയ വലിയ കെട്ടിടങ്ങൾ ഇല്ലെന്നോ, ആളുകൾ കുറവാണെന്നോ ചിന്തിച്ച് ആരും ഇടറിപ്പോകരുതേ.

ഒലുമ്പാസ് എന്ന പേരിന്റെ അർത്ഥം ‘സ്വർഗ്ഗീയമായ’ (heavenly) എന്നാണത്രേ. തന്റെ പേരിന്റെ അർത്ഥത്തിനൊത്തവണ്ണം ഭക്തിയോടെ ജീവിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. യേശു ദൈവരാജ്യം പ്രസംഗിക്കുവാൻ നിയോഗിച്ചയച്ച 70 പേരിൽ ഒരാളായിരുന്നു ഈ ഒലുമ്പാസെന്നും, അദ്ദേഹത്തെ പിന്നീട് ശിരഛേദം ചെയ്തു കൊലപ്പെടുത്തുകയായിരുന്നു എന്നും ചിന്തിക്കുന്നവരുണ്ട്. അതിൽ വല്ല വാസ്തവവും ഉണ്ടോ എന്നറിഞ്ഞുകൂടാ. **(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക.**
**മാസിക അതിൽ നേരത്തേ ലഭിക്കും.**

# ഹബക്കൂക്

## (പുസ്തകപഠനം)

18

**-എംവിഎസ്-**

**ഹബക്കൂക് 2:10**

*പല ജാതികളെയും ഛേദിച്ചുകളഞ്ഞതിനാൽ നീ നിന്റെ വീട്ടിന് ലജ്ജ നിരൂപിച്ച് നിന്റെ സ്വന്തപ്രാണനോട് പാപം ചെയ്തിരിക്കുന്നു.*

കൽദയരാജാവിനെക്കുറിച്ച് (അത് നെബൂഖദ്നേസെർ ആണല്ലോ) തന്നെയാണ് ഈ വാക്യത്തിലും പറഞ്ഞിരിക്കുന്നത്.

**1. സ്വന്തം വീട്ടിന് ലജ്ജ വരുത്തിവച്ചു**

സ്വന്തം കുടുംബത്തെ സ്നേഹിക്കാത്തവരുണ്ട്. എല്ലായിടത്തും പൊതുസമ്മതനും ഹീറോയുമായിരിക്കും; പക്ഷേ കുടുംബത്തിൽ മാത്രം ഒരു വില്ലൻ റോൾ! പ്രേമക്കുരുക്കിൽ അകപ്പെട്ട് ചില മക്കൾ സ്വന്തകുടുംബത്തിന് ലജ്ജ വരുത്തിവയ്ക്കാറുണ്ട്. കഞ്ചാവും മറ്റു തിന്മകളുമായി സ്വന്തം കുടുംബത്തെ നശിപ്പിക്കുന്നവരുമുണ്ട്. കുടുംബത്തിനകത്തെ ബന്ധങ്ങൾ കുറയുകയും കുടുംബത്തിന് പുറത്തെ ബന്ധങ്ങൾ വളരുകയും ചെയ്യുന്നത് അപകടകരമാണ്.

കുടുംബത്തെ സ്നേഹിക്കുക. കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുക. കുടുംബം നിലനിന്നാലേ നമുക്കും നിലനിൽപ്പുള്ളൂ. മുടിയനായ പുത്രൻ അവന്റെ കുടുംബത്തെക്കുറിച്ച് ചിന്തിച്ചില്ല. കുടുംബത്തിന് ലജ്ജ വരുത്തിവച്ചു. എങ്കിലും പിന്നീട് മാനസാന്തരപ്പെട്ടു തിരിച്ചുവന്നു.

കൽദയരാജാവ് സ്വന്തം കുടുംബത്തിന് നാണക്കേട് വരുത്തിവച്ചു എന്നാണ് ഈ വാക്യം വെളിപ്പെടുത്തുന്നത്. അധികാരവും കരുത്തും സമ്പത്തും ഉണ്ടായിരുന്നിട്ടും അത് തെറ്റായി വിനിയോഗിച്ചതിനാൽ സ്വന്ത കുടുംബത്തിന് അപമാനം വരുത്തിവച്ചു. നമ്മുടെ കുടുംബം നമ്മെ സ്നേഹത്തോടെ ഓർക്കാൻ വേണ്ടത് നാം ചെയ്യുക. അവർക്ക് അപമാനം വരുത്തിവയ്ക്കരുത്.

**2. പല ജാതികളെയും ഛേദിച്ചുകളഞ്ഞു**

മറ്റുള്ളവരെ ഇല്ലാതാക്കിയാണ് നെബൂഖദ്നേസെരിന്റെ വളർച്ച. സ്വന്തം ഉയർച്ചയ്ക്കുവേണ്ടി അനേകരുടെ രക്തം ചൊരിഞ്ഞു. സ്വന്തം

താത്പര്യങ്ങൾക്കുവേണ്ടി മറ്റുള്ളവരെ ഉപദ്രവിക്കുന്നത് ആരായാലും ദൈവം അവനെ നോട്ടമിടുന്നു.

ദാവീദ് ഗോലിയാത്തിനെ കൊന്നത് തെറ്റായിരുന്നില്ല. പക്ഷേ ഊരിയാവിനെ കൊന്നത് തെറ്റായിരുന്നു. മറ്റുള്ളവരെ അപമാനിച്ചോ കൊന്നോ ആണ് പലരും പലതും നേടുന്നത്. എതിരാളികളെ വകവരുത്തുന്ന രാഷ്ട്രീയവും മതവുമെല്ലാം സ്വന്തം കുടുംബങ്ങൾക്ക് ലജ്ജ വരുത്തിവയ്ക്കുന്നവയാണ്. ബിസിനസ്സിന്റെ വളർച്ചയ്ക്കുവേണ്ടിയോ സഭയുടെ വളർച്ചയ്ക്കുവേണ്ടിയോ നാം മറ്റുള്ളവരെ തകർക്കേണ്ടതില്ല.

ദൈവം എല്ലാം കാണുന്നു. ഈ ലോകത്തിൽ എവിടെയായാലും ആരെങ്കിലും മറ്റുള്ളവനെ ഛേദിക്കുന്നുവെങ്കിൽ അത് ദൈവം കാണുന്നു. മുസ്ലീംഭീകരരും ഹൈന്ദവഭീകരരും ക്രിസ്ത്യാനികളെ ഉപദ്രവിച്ചതെല്ലാം ദൈവം കണ്ടിട്ടുണ്ട്. മണിപ്പൂരിൽ ഈയിടെ നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവവിരുദ്ധ നായാട്ട് ദൈവം കാണുന്നുണ്ട്. മറ്റുള്ളവരുടെ കണ്ണീരിലും രക്തത്തിലും ചവിട്ടി വളരുന്നവർ ദൈവത്തിന്റെ ഉഗ്രകോപം ഏറ്റുവാങ്ങേണ്ടി വരും.

സാമ്രാജ്യം വികസിപ്പിക്കാൻ വേണ്ടി പുറപ്പെട്ട അലക്സാണ്ടർ ചക്രവർത്തി ദൈവത്തിന്റെ ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നു. 1990-ൽ കുവൈറ്റിനെ ആക്രമിച്ചുകൊണ്ട് ഇറാഖും സദ്ദാംഹുസ്സൈനും രക്തച്ചൊരിച്ചിൽ നടത്തി. നിരവധി സ്ത്രീകൾ അന്ന് അപമാനിക്കപ്പെട്ടു. നിരവധി പേർ കൊല്ലപ്പെട്ടു. എന്നിട്ട് സദ്ദാംഹുസ്സൈനു എന്തു സംഭവിച്ചു? അദ്ദേഹം എന്തു നേടി?

നമുക്ക് വളരാം, ഉയരാം, വർദ്ധിക്കാം. പക്ഷേ അതിനായി മറ്റുള്ളവന്റെ രക്തം ചൊരിയരുത്. മറ്റുള്ളവന്റെ കണ്ണീർ വീഴ്ത്തരുത്. സാമ്രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി നെബൂഖദ്നേസർ പലരെയും ഛേദിച്ചുകളഞ്ഞു. അഹങ്കാരത്തോടെയുള്ള ആ ജൈത്രയാത്ര ദൈവം വിചാരിച്ചാൽ അവസാനിക്കും. മറ്റുള്ളവരെ കൊന്നും കൊള്ളയിട്ടും വളരുന്നവർ അധികം മുന്നോട്ടുപോകയില്ല എന്നതാണ് സത്യം.

### 3. സ്വന്തപ്രാണനോട് പാപം ചെയ്തിരിക്കുന്നു

സ്വയം ദോഷം വരുത്തുന്നത് എത്ര അപകടമാണ്! മദ്യപാനികളും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരും സ്വയം ദോഷം വരുത്തുന്നവരാണ്. സ്വയം നശിച്ചുപോകുന്നവരാണ്. സ്വന്തം ചെയ്തികളുടെ അനന്തരഫലമായി നശിച്ചുപോയവരുണ്ട്. മറ്റുള്ളവരെ ഉപദ്രവിച്ചുകൊണ്ട് ചെയ്യുന്ന പാപങ്ങൾ സ്വന്തപ്രാണനോട് ചെയ്യുന്ന പാപങ്ങളാണ്. മലർന്നു കിടന്ന് തുപ്പുന്നപോലെ.

**ഹബക്കൂക് 2:11**

*ചുവരിൽനിന്ന് കല്ല് നിലവിളിക്കയും മരപ്പണിയിൽനിന്ന് തുലാം ഉത്തരം പറകയും ചെയ്യുമല്ലോ.*

അവൻ പണിതുയർത്തിയ മാളികകളുടെ കല്ലും മരപ്പണിയും അവനെതിരെ നിലവിളിക്കും. മറ്റുള്ളവരെ ചൂഷണംചെയ്തും ഭീഷണിപ്പെടുത്തിയും കൊലപ്പെടുത്തിയും സമ്പാദിച്ചവയാണ് അവ. ചെയ്തുകൂട്ടിയ ദോഷങ്ങൾക്കുള്ള തെളിവുകളാണ് അതെല്ലാം.

നമ്മുടെ വീട്ടിലെ സാധനങ്ങൾ നമുക്കെതിരെ നിലവിളിക്കുമോ? ശരിയായ രീതിയിൽ സമ്പാദിച്ചവയല്ല അവയെങ്കിൽ നമുക്കെതിരെയുള്ള തെളിവ് എന്ന നിലയിൽ അവ കാണപ്പെടും. നമ്മുടെ വീടും നമുക്കുള്ള മറ്റു വസ്തുവകകളും ദൈവാനുഗ്രഹത്തിന്റെ തെളിവായി കാണപ്പെടുകയാണ് വേണ്ടത്. അല്ലാതെ, അവ നമുക്കെതിരെ നിലവിളിക്കുന്നവയാകരുത്.

**ഹബക്കൂക് 2:12**

*രക്തപാതകംകൊണ്ട് പട്ടണം പണിയുകയും നീതികേടുകൊണ്ട് നഗരം സ്ഥാപിക്കുകയും ചെയ്യുന്നവന് അയ്യോ കഷ്ടം!*

കട്ടും കൊന്നും ഒന്നും സമ്പാദിക്കരുതേ. മറ്റുള്ളവരെ കൊന്നുമുടിച്ചുകൊണ്ട് വളർന്ന രാഷ്ട്രീയപാർട്ടികൾ, മതങ്ങൾ ഇവയ്ക്കെല്ലാം അയ്യോ കഷ്ടമാണ്. ഒന്നും നിലനിൽക്കയില്ല. ഇത്തരം നഗരമെല്ലാം തകർന്നുപോകും. നേരായ വഴികളിലൂടെ മാത്രം നാം മുന്നേറിയാൽ മതി. എന്നിട്ട് വരുന്ന വളർച്ചയും ഉയർച്ചയും മതി എന്നു വിചാരിക്കുക.

**(തുടരും)**

## പ്രതികരണങ്ങൾ അറിയിക്കുക

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. അതുകൊണ്ടുതന്നെ ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്. (എഡിറ്റർ)

# 34 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *മരമാണോ മനുഷ്യനാണോ ആദ്യമുണ്ടായത് എന്നതു സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാക്കുന്ന മറുപടിയാണ് ബൈബിൾ തരുന്നത്. ഉൽപത്തി ഒന്നാം അദ്ധ്യായത്തിൽ മരമാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്നു കാണുന്നു. എന്നാൽ രണ്ടാം അദ്ധ്യായത്തിൽ മനുഷ്യനെ സൃഷ്ടിച്ചതിനുശേഷമാണ് മരത്തെ സൃഷ്ടിച്ചതായി കാണുന്നത്. ഈ വൈരുദ്ധ്യത്തിനു എന്തു മറുപടിയാണ് നൽകാനുള്ളത്?*

**മറുപടി:**

ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ സൃഷ്ടിപ്പിന്റെ വിശദാംശങ്ങൾ ക്രമമായി കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് ദൈവം മരങ്ങളെ സൃഷ്ടിച്ചത് മൂന്നാം ദിവസവും മനുഷ്യനെ സൃഷ്ടിച്ചത് ആറാം ദിവസവുമാണ്. ഉല്പത്തി രണ്ടാം അദ്ധ്യായത്തിൽ മനുഷ്യനിൽ കേന്ദ്രീകരിച്ചുകൊണ്ട് കാര്യങ്ങൾ വിശദമാക്കുന്നതാണ് നാം കാണുന്നത്. ഈ ഭൂമിയിൽ മരമോ മനുഷ്യനോ ഉണ്ടായിരുന്നില്ല എന്നാണ് ഉല്പത്തി 2:4,5 ൽ പറയുന്നത്.

തുടർന്ന് മനുഷ്യനെ സൃഷ്ടിച്ച കാര്യവും കിഴക്ക് ഏദെനിൽ തോട്ടമുണ്ടാക്കിയ കാര്യവും പറയുന്നു. മരത്തിന്റെ കാര്യം പറയുന്നില്ല. മരങ്ങൾ ഏദെനിൽ മുളപ്പിച്ച കാര്യമാണ് പറയുന്നത്. ഏദെൻതോട്ടത്തിലെ മരങ്ങൾ മനുഷ്യനുശേഷം ഉണ്ടായതാണെന്നു മാത്രമേ ഇവിടെ പറയാനൊക്കൂ. ബാക്കിയുള്ള മരങ്ങൾ മനുഷ്യനു മുമ്പ് ഉണ്ടായവയാണെന്നു ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽനിന്നു മനസ്സിലാക്കാമല്ലോ.

മരമോ മനുഷ്യനോ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞിട്ട് മനുഷ്യനെ സൃഷ്ടിച്ച കാര്യം പറയുകയും മരത്തെ സൃഷ്ടിച്ച കാര്യം പറയാതിരിക്കുകയും ചെയ്തിരിക്കുമ്പോൾ, മനുഷ്യനുശേഷമാണ് മരത്തെ സൃഷ്ടിച്ചത് എന്നു അർത്ഥം വരുന്നില്ല. മരത്തെയും മനുഷ്യനെയും സൃഷ്ടിച്ചതിന്റെ കൃത്യമായ, സംശയത്തിനിടയില്ലാത്ത, വിവരണം ഒന്നാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടല്ലോ. പിന്നെ രണ്ടാം അദ്ധ്യായത്തിൽ കിടന്ന് തപ്പിത്തടയേണ്ട കാര്യമില്ല. ബൈബിളിൽ തെറ്റ് എങ്ങനെയെങ്കിലും കണ്ടുപിടിക്കണം എന്ന ത്വരയോടെ ബൈബിൾ വായിക്കുന്നതാണ് പ്രശ്നം.

ബൈബിളിൽ വൈരുദ്ധ്യം ഉണ്ടെന്നു പറയുന്നവരെ പ്രതിരോധിക്കാനായി വയലിലെ സസ്യത്തിന്റെ കാര്യമാണ് രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് എന്നു ചിലർ പറയാറുണ്ട്. ഒന്നാം അദ്ധ്യായത്തിൽ വയലിലെ സസ്യങ്ങളുടെ കാര്യം പറയുന്നില്ലെന്നും അത് ദൈവം സൃഷ്ടിച്ചിരുന്നില്ലെന്നും രണ്ടാം അദ്ധ്യായത്തിലാണ് വയലിലെ സസ്യത്തിന്റെ കാര്യം പറയുന്നത് എന്നും പറഞ്ഞ് ബൈബിൾവിരോധികൾക്ക് മറുപടി പറയാനായി നാം തുനിയരുത്.

കാരണം രണ്ടാം അദ്ധ്യായത്തിൽ വയിലിലെ പച്ച സസ്യം എന്നു പറഞ്ഞിരിക്കുന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന അതേ ഹീബ്രുപദം ഒന്നാം അദ്ധ്യായത്തിൽ നാലു തവണ ഉപയോഗിച്ചിട്ടുണ്ട് (1:11.12.29.20). *എസെബ്* (eh'seb) എന്നാണ് ആ പദം. മൂന്നാം ദിവസം സൃഷ്ടിക്കപ്പെട്ട കൂട്ടത്തിൽ ഈ *എസെബ്* കൂടിയുള്ളതുകൊണ്ട് രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് ഈ *എസെബി*ന്റെ കാര്യം മാത്രമാണെന്നും വയലിലെ സസ്യം *(എസെബ്)* മനുഷ്യനു ശേഷമാണ് ഉണ്ടായതെന്നും വാദിക്കുന്നതിൽ കഴമ്പില്ല.

**ഉല്പത്തി ഒന്നാം അദ്ധ്യായം:** മരങ്ങൾ സൃഷ്ടിക്കപ്പെട്ടതിനുശേഷമാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് സംശയത്തിനിടയില്ലാത്തവിധം വ്യക്തമാക്കിയിരിക്കുന്നു. അവിടെ ഏദെൻതോട്ടത്തിലെ വൃക്ഷങ്ങളൊഴികെ എല്ലാം സൃഷ്ടിക്കപ്പെട്ട കാര്യം പറയുന്നുണ്ട്.

**ഉല്പത്തി രണ്ടാം അദ്ധ്യായം:** മരങ്ങളും മനുഷ്യനും ഉണ്ടായിരുന്നില്ലെന്നു പറഞ്ഞതിനുശേഷം മനുഷ്യനെ സൃഷ്ടിച്ച കാര്യം പറയുന്നു. തുടർന്ന് ഏദെൻതോട്ടത്തിൽ മരങ്ങളെ സൃഷ്ടിച്ച കാര്യം പറയുന്നു. ഏദെൻ തോട്ടത്തിൽ മരങ്ങൾ മുളപ്പിക്കുന്നതിനുമുമ്പ് ഭൂമിയിൽ മരങ്ങൾ സൃഷ്ടിച്ചിരുന്നുവെന്ന് ഒന്നാം അദ്ധ്യായം വ്യക്തമാക്കുന്നുണ്ടല്ലോ. ഭൂമിയിൽ മരങ്ങൾ സൃഷ്ടിച്ചതിനെപ്പറ്റി രണ്ടാം അദ്ധ്യായത്തിൽ പറയുന്നുമില്ല. ഏദെൻതോട്ടത്തിൽ മരങ്ങൾ സൃഷ്ടിക്കപ്പെട്ട കാര്യം മാത്രമാണ് പറയുന്നത്. അതും വായിച്ച്, മനുഷ്യന് ശേഷമാണ് മരങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്നും ഇത് ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതിനു വിപരീതമാണെന്നും വാദിക്കുന്നത് ശരിയല്ല.

മരമാണോ മനുഷ്യനാണോ ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്ന ചോദ്യത്തിന്റെ ഉത്തരം വ്യക്തമായില്ലേ? മരങ്ങളാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്. പിന്നീട് മനുഷ്യനും. ഏദെൻതോട്ടത്തിലെ മരങ്ങൾ മനുഷ്യനുശേഷമാണ് സൃഷ്ടിക്കപ്പെട്ടത്. ബൈബിൾ വികലമായ പുസ്തകമല്ല. വൈരുദ്ധ്യങ്ങൾ നിറഞ്ഞ പുസ്തകവുമല്ല. വായിക്കുന്നവരുടെ മനസ്സിന്റെ വികലതയും കുടിലതയുമാണ് പലപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്നത്.

# ഒരു മണവാളന് 10 കന്യകമാരോ?

പതിവുപോലെ ബൈബിൾവായിച്ച് ബ്രദർ കൊച്ചുണ്ണി പതിവുപോലെ അസംതൃപ്തിയുള്ളവനാവുകയും പതിവുപോലെ ഇട്ടിയപ്പച്ചന്റെയും മൂപ്പന്റെയും മുമ്പിലെത്തുകയും ചെയ്തു.

"ന്റെ കൊച്ചുണ്ണ്യേ, എന്നെങ്കിലും നെന്റെ മൊകം ബൈബിൾ വായിച്ചിട്ട് ഒന്ന് തെളിഞ്ഞുകാണ്വോ? എന്നു ബൈബിൾ വായിച്ചാലും നെനക്ക് സംശയങ്ങളും ചോദ്യങ്ങളും ആണല്ലോ?'' ഇട്ടിയപ്പച്ചൻ ലേശം അതൃപ്തിയോടെ ചോദിച്ചു.

ഇട്ടിയപ്പച്ചന്റെ ഈ ചോദ്യം കേട്ട് കൊച്ചുണ്ണിബ്രദർ ചൂടാവേണ്ടതായിരുന്നു. പക്ഷേ പതിവിനു വിപരീതമായി, ഒരു തത്വജ്ഞാനിയെപ്പോലെ അദ്ദേഹം മറുപടി പറഞ്ഞു:

"ഇട്ടിയപ്പച്ചാ, സംശയങ്ങൾ ഉണ്ടാകണം... ചോദ്യങ്ങൾ ഉണ്ടാകണം.. സംശയങ്ങളും ചോദ്യങ്ങളുമാണ് മനുഷ്യനെ അന്വേഷണത്തിലേക്ക് നയിക്കുന്നത്.. അങ്ങനെയാണ് സത്യങ്ങൾ കണ്ടെത്തുന്നത്..."

കൊച്ചുണ്ണിബ്രദറിന്റെ വർത്തമാനത്തിലെ പുതുമ കണ്ട് ഇട്ടിയപ്പച്ചൻ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി.

മൂപ്പൻ ചിരിച്ചതേയുള്ളൂ.

"ഇന്നെന്താ നെന്റെ സംശയം? ദേ മൂപ്പനോട് ചോദിക്ക്" ഇട്ടിയപ്പച്ചൻ മൂപ്പനെചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു.

"അല്ലെങ്കിലും മൂപ്പനോടേ ഞാൻ ചോദിക്കൂ. ഇട്ടിയപ്പച്ചനോട് ചോദിച്ചിട്ട് പ്രയോജനമില്ലെന്നറിയാം."

കൊച്ചുണ്ണിബ്രദർ പറഞ്ഞത് കേട്ട് ഇട്ടിയപ്പച്ചൻ 'ഓ' എന്നു പറഞ്ഞ് തലകുനിച്ചിരുന്നു.

"മൂപ്പാ എന്റെ സംശയം ഇതാണ്" കൊച്ചുണ്ണിബ്രദർ മൂപ്പനോടായി പറഞ്ഞു

"മത്തായി 25 വായിക്കുമ്പോൾ മണവാളനെ എതിരേൽപ്പാൻ പുറപ്പെട്ട 10 കന്യകമാരെക്കുറിച്ച് കാണുന്നു. ഒരു മണവാളന് ഒരു കന്യകയല്ലേ വേണ്ടത്? എന്തിനാണ് പത്തു കന്യകമാർ? ബഹുഭാര്യാത്വം പ്രോത്സാഹിപ്പിക്കുന്ന ഉപമയല്ലേ അത്?"

"അത് അങ്ങനെയല്ലല്ലോ കൊച്ചുണ്ണ്യേ" എന്നു ഇട്ടിയപ്പച്ചൻ പറഞ്ഞപ്പോൾ, "പിന്നെ എങ്ങനാ ഇട്ടിയപ്പച്ചാ?" എന്നു കൊച്ചുണ്ണിബ്രദർ തിരിച്ചുചോദിച്ചു.

വിശദീകരിക്കാനാവാതെ ഇട്ടിയപ്പച്ചൻ പരുങ്ങി. മൂപ്പനെ സഹായത്തിനായി നോക്കുകയും ചെയ്തു. മൂപ്പൻ തൊണ്ട ശരിയാക്കി സംസാരിക്കാൻ ആരംഭിച്ചു.

"ആ ഉപമയിൽ മണവാളനെ എതിരേൽപ്പാൻ പുറപ്പെട്ടത് 10 മണവാട്ടികളല്ല, കന്യകമാരാണ്. അതുകൊണ്ട് ഒരു മണവാളന് 10 മണവാട്ടിമാർ എന്നും പറഞ്ഞ് ബഹുഭാര്യാത്വം എന്ന തെറ്റായ ആശയം കർത്താവ് പ്രോത്സാഹിപ്പിച്ചു എന്നു പറയാനൊക്കില്ല"

"അവർ മണവാളനെ എതിരേൽപ്പാനാണ് പുറപ്പെട്ടത്. അവന്റെ കൂടെ കല്യാണസദ്യ കഴിക്കാനാണ് അവർ അകത്ത് പ്രവേശിച്ചത് (വാക്യം 10). മണവാളനും മണവാട്ടിയും തമ്മിലുള്ള കല്യാണമാണ് സന്ദർഭം."

"അതിൽ മണവാളനെ എതിരേറ്റു വരാൻ നിയമിക്കപ്പെട്ട 10 കന്യകമാരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അവർ പ്രവേശിച്ചത് അന്തഃപ്പുരത്തിലേക്കല്ല, കല്യാണസദ്യ നടത്തുന്ന സ്ഥലത്തേക്കാണ്"

"വാതിൽ അടച്ചു എന്നു പറയുന്നത് അന്തഃപ്പുരത്തിന്റേതല്ല, കല്യാണസദ്യ നടത്തുന്ന സ്ഥലത്തിന്റേതാണ്. ബുദ്ധിയില്ലാത്ത കന്യകമാർക്ക് മണവാളനെ എതിരേൽക്കാനോ കല്യാണസദ്യയിൽ പങ്കെടുക്കാനോ കഴിഞ്ഞില്ല"

"കർത്താവിന്റെ വരവിന്റെ സമയം ഇന്നത് എന്നറിയാത്തതുകൊണ്ട് എപ്പോഴും ഒരുക്കത്തോടുകൂടി ഉണർന്നിരിക്കണം എന്ന ആശയം വ്യക്തമാക്കാനാണ് കർത്താവ് ഈ ഉപമ പറഞ്ഞത്"

"കന്യക എന്നത് മണവാട്ടിയാണ് എന്നും വാതിൽ അടച്ചത് മണിയറയുടേതാണ് എന്നും തെറ്റിദ്ധരിക്കുമ്പോഴാണ് പ്രശ്നം. കന്യകമാർ മണവാളനോടുകൂടി ജീവിക്കാൻ വന്നവരല്ല. മണവാളന്റെ കല്യാണസദ്യ കഴിക്കാൻ വന്നവരാണ്"

മൂപ്പൻ പറഞ്ഞുനിർത്തി.

ഇട്ടിയപ്പച്ചന്റെ മുഖത്ത് ആശ്വാസത്തിന്റെ മിന്നലാട്ടം. പക്ഷേ കൊച്ചുണ്ണിബ്രദറിന്റെ മുഖത്ത് സന്തോഷം ഇല്ലായിരുന്നു.

കൊച്ചുണ്ണി ചോദിച്ചു: "മണവാളനെ എതിരേൽക്കാൻ പത്തു കന്യകമാരെ എന്തിനാണ് നിയമിച്ചത്? ഏതെങ്കിലും 10 ബാലന്മാരെ നിയോഗിച്ചാൽ പോരേ?"

ഇട്ടിയപ്പച്ചൻ ഇതിന് മറുപടി പറഞ്ഞത് മറ്റൊരു ചോദ്യം ചോദിച്ചുകൊണ്ടാണ്. "അതൊക്കെ ഓരോരുത്തരുടെ ഇഷ്ടമല്ലേ കൊച്ചുണ്ണ്യേ?"

"ശരിയാണ്" മൂപ്പൻ ഇട്ടിയപ്പച്ചനെ പിന്താങ്ങി. ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയ നീൽ ആംസ്ട്രോങ്ങിനെപ്പോലെ ഇട്ടിയപ്പച്ചൻ ഒന്നു ഞെളിഞ്ഞുനിന്നു.

"ഇക്കാലത്തും ഇതുപോലത്തെ പതിവുകൾ വിവാഹത്തോടുള്ള ബന്ധത്തിൽ നാം കാണുന്നുണ്ടല്ലോ" എന്നും കൂടി ഇട്ടിയപ്പച്ചൻ പറഞ്ഞപ്പോൾ കൊച്ചുണ്ണിബ്രദർ ഒന്നും മിണ്ടിയില്ല.

# ഓരോരോ ജന്മങ്ങള്!

**-എംവിഎസ്-**

13

## നാണമില്ലാത്ത  ന്യായീകരണത്തൊഴിലാളികൾ

ആരാണ് ഈ മാനംകെട്ടവർ? ന്യായീകരണം പറയുന്ന എല്ലാവരും ഇത്തരം വിഭാഗത്തിൽ ഉൾപ്പെടുകയില്ല. തങ്ങളുടെ ഭാഗത്തു നിൽക്കുന്നവരുടെ തെറ്റുകളെ ന്യായീകരിക്കുന്നവരാണ് ഈ മാനംകെട്ട ന്യായീകരണത്തൊഴിലാളികൾ. തെറ്റിനെ തെറ്റായി കാണാതെ, അതിനെ വെള്ളപൂശി മഹത്വവത്കരിക്കുന്നവർ ഈ സമൂഹത്തിന് തന്നെ നാണക്കേടും വളർന്നു വരുന്ന തലമുറയ്ക്കു ദുർമാതൃകകളുമാണ്.

മണിപ്പൂരിൽ നടന്ന കൂട്ടക്കുരുതികളും ബലാത്സംഗങ്ങളും കത്തിക്കലും ഇടിച്ചുനിരത്തലും പൊളിച്ചുകളയലും എല്ലാം ലോകമനസാക്ഷിയെ നടുക്കിയതാണ്. എന്നിട്ടും അതിനെ പോലും ന്യായീകരിക്കാൻ ഇവിടെ കുറെയാളുകൾ ഉണ്ടായി. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇത്തരം കാര്യങ്ങൾ ഉണ്ടായിട്ടുണ്ട് എന്നു നമ്മുടെ മോദിജി. പെൺകുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താനും സ്ത്രീശാക്തീകരണത്തിനുമായി *ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ* എന്ന പദ്ധതി നടപ്പാക്കിയ മോദിജിയുടെ മേൽപ്പറഞ്ഞ അഭിപ്രായപ്രകടനം തീർത്തും അനുചിതമായിപ്പോയി എന്നാണ് എന്നെപ്പോലുള്ളവർ ചിന്തിക്കുന്നത്.

ബംഗാളിലും സ്ത്രീകളെ നഗ്നരാക്കി മർദ്ദിച്ചെന്ന് ബിജെപി ഐടി വിഭാഗം തലവൻ അമിത് മാളവ്യ ആരോപിച്ചു. രണ്ടു സ്ത്രീകളെ നഗ്നരാക്കി നടത്തിച്ചുകൊണ്ടുപോകുന്ന, രാജ്യത്തിന്റെ മാനം നഷ്ടപ്പെടുത്തിയ വീഡിയോയെക്കുറിച്ച് ചോദിച്ചപ്പോൾ, മണിപ്പൂരിലെ സംഭവം നടന്ന പോലീസ്സ്റ്റേഷനിൽനിന്നു ലഭിച്ച മറുപടി നോക്കുക: ഇത് ഇന്ന് നടന്നതല്ല, കഴിഞ്ഞ മെയ് 4 ന് നടന്നതാണ്. ആ വീഡിയോ രണ്ടു മാസം പഴക്കമുള്ളതാണെന്നും അതുകൊണ്ട് അതിന് ഇത്രയും കോലാഹലം ഉണ്ടാക്കേണ്ട കാര്യമില്ല എന്നുമല്ലേ അവർ ഉദ്ദേശിച്ചത്?

2020 ൽ, ഇന്ത്യയിലെ ഏറ്റവും നല്ല പോലീസ്സ്റ്റേഷനുള്ള അവാർഡ് ലഭിച്ചത് ഈ പോലീസ്സ്റ്റേഷനായിരുന്നു! (Nongpok Sekmai Police Station) ഈ പോലീസ്സ്റ്റേഷന്റെ ഒരു കിലോമീറ്റർ മാത്രം അകലെയാണ് ഈ ദുര

ന്ത സംഭവം അരങ്ങേറിയത്. അതിൽ ലജ്ജിച്ചു തലതാഴ്ത്തി നിൽക്കാതെ രണ്ടു മാസം മുമ്പ് നടന്നതാണെന്നു പറഞ്ഞു ആ ക്രൂരതയെ ലഘൂകരിക്കാൻ ശ്രമിച്ചത് മോശമായിപ്പോയി. തങ്ങളുടെ മൂക്കിനു താഴെ നടന്ന സംഭവം മൂടിവയ്ക്കാനും അതിലെ പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കാനും ശ്രമിക്കുകയല്ലേ അവർ ഇത്രയും ദിവസം ചെയ്തത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മണിപ്പൂർ മുഖ്യമന്ത്രിയും തീർത്തും ലാഘവത്തോടെയാണ് പ്രതികരിച്ചത്. ക്രൂരത വിളിച്ചോതുന്ന ആ  വീഡിയോ പ്രചരിപ്പിച്ചതാര് എന്നറിയാൻ അദ്ദേഹം അന്വേഷണത്തിന് ഉത്തരവിട്ടുപോലും! ആ വീഡിയോ പ്രചരിപ്പിച്ചില്ലായിരുന്നെങ്കിൽ ഇനിയും നല്ല ഇമേജോടുകൂടി മുഖ്യമന്ത്രിയായി സസുഖം കഴിയാമായിരുന്നു എന്ന് അദ്ദേഹം ചിന്തിച്ചുകാണും. ഈയിടെ അദ്ദേഹം പറഞ്ഞത് ഈ അക്രമങ്ങളുടെ പിന്നിൽ ഏതോ വിദേശശക്തിയുടെ കയ്യുണ്ടെന്നാണ്. മിസ്റ്റർ മുഖ്യമന്ത്രി, ഈ കലാപത്തിൽ വിദേശശക്തിയുടെ കയ്യോ കാലോ ചെവിയോ ഉള്ള കാര്യം ഗൗരവത്തിൽ പരിശോധിക്കുക. പക്ഷേ സ്വന്തം ദേശക്കാരുടെ പങ്കിനെപ്പറ്റി എന്താണ് താങ്കൾ ചിന്തിക്കാത്തത്? താങ്കളുടെ പോലീസ് എന്തു ചെയ്യുകയായിരുന്നു?

1984 ൽ ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതിനെത്തുടർന്നുണ്ടായ ജനരോഷത്തിൽ രണ്ടായിരത്തിലധികം സിക്കുകാരാണ് കൂട്ടക്കൊല ചെയ്യപ്പെട്ടത്. ഇന്ദിരാഗാന്ധിയുടെ ഘാതകർ രണ്ടുപേരും സിക്കുകാരായതുകൊണ്ട്, നിരപരാധികളായ മറ്റു സിക്കുകാർ കൂട്ടത്തോടെ വേട്ടയാടപ്പെട്ടു. പക്ഷേ അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി ഇതു സംബന്ധിച്ച് അഭിപ്രായപ്പെട്ടത് ഇപ്രകാരമായിരുന്നു; ഒരു വലിയ മരം വീഴുമ്പോൾ ഭൂമി കുലുങ്ങുന്നു (When a big tree falls, the earth shakes) ഈ പ്രസ്താവനയുടെ പേരിൽ അതിരൂക്ഷമായ വിമർശനമാണ് രാജീവ്ഗാന്ധിക്കു നേരെ ഉണ്ടായത്. സിക്ക്കൂട്ടക്കൊലയെ ന്യായീകരിച്ചുകൊണ്ടുള്ള ഈ പ്രസ്താവന അദ്ദേഹത്തിന്റെ തിളക്കം ഏറെ നഷ്ടപ്പെടുത്തിയിരുന്നു.

ന്യായീകരണത്തൊഴിലാളികൾ എവിടെയും ഉണ്ട്. അവരുടെ ജോലി, അവർ ആരുടെ ഭാഗത്തു നിൽക്കുന്നുവോ അവരെക്കുറിച്ച് നല്ലതു പറയുക, അവരുടെ തെറ്റുകൾ തെറ്റല്ലെന്നു പറയുക ഇതൊക്കെയാണ്. പ്രിയ ന്യായീകരണത്തൊഴിലാളികളേ, നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവരുടെ തെറ്റുകളെ ന്യായീകരിച്ചുനടന്നാൽ തെറ്റ് ശരിയായി മാറുമോ? കോളറ ബാധിച്ചവരുടെ ലക്ഷണം അവരുടെ മലം കഞ്ഞിവെള്ളം പോലെയാകും എന്നാണത്രേ. അതിനെ നോക്കി അത് പാൽപ്പായസമാണെന്നു എത്ര തവണ പറഞ്ഞാലും അത് മലമായി മാത്രമേ ആയിരിക്കുകയുള്ളൂ. ന്യായീകരണത്തൊഴിലാളികൾ ഇത് മനസ്സിലാക്കുന്നില്ല. ഓരോരോ ജന്മങ്ങള്!

-എംവിഎസ്-

## ആലുവയിലെ അഞ്ചുവയസ്സുകാരി

കേരളത്തിലെ അമ്മമാരുടെ നെഞ്ചിൽ തീ കോരിയിട്ട സംഭവമായിരുന്നു അത്. ആലുവയിൽ താമസിക്കുന്ന ബീഹാറുകാരിയായ ഒരു അഞ്ചുവയസ്സുകാരി അതിദാരുണമായി കൊലചെയ്യപ്പെട്ടു. പ്രതിയും ബീഹാർസ്വദേശി തന്നെയാണ്. മിഠായി തരാമെന്നു പറഞ്ഞ് മോഹിപ്പിച്ച് ആ കുഞ്ഞിനെ ആ തെമ്മാടി പിച്ചിച്ചീന്തിയെറിഞ്ഞു. ആ പിഞ്ചുശരീരത്തിലെ മുറിവുകളും ചോരപ്പാടുകളും അവന്റെ ക്രൂരമനസ്സിന്റെ വ്യാപ്തി വ്യക്തമാക്കുന്നവയാണ്. ലഹരിയുടെയും മൊബൈലിന്റെയും സ്വാധീനം അവനെക്കൊണ്ട് ഇത് ചെയ്യിച്ചു എന്ന് പറയുന്നതാവും ശരി.

അവനെ തൂക്കിലേറ്റൂ എന്നു പറഞ്ഞുകൊണ്ട് അലറിക്കരഞ്ഞ ആ അമ്മയുടെ ശബ്ദത്തിന്റെ പ്രതിദ്ധ്വനി കേരളത്തിന്റെ കാതിൽനിന്നു മായാൻ കുറച്ചധികം കാലമെടുക്കും. കുഞ്ഞിന്റെ ശരീരം അടക്കം ചെയ്യുവാൻ കൊണ്ടുപോകവേ തളർന്നുപോയ ആ അമ്മയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടിവന്നു. തന്റെ മോളുടെ സംസ്കാര ചടങ്ങിൽ ആ അമ്മയ്ക്കു പങ്കെടുക്കാനായില്ല. മോളെക്കുറിച്ചുള്ള ഓർമ്മകളുടെ സുനാമിത്തിരകൾ ആ മാതൃഹൃദയത്തിൽനിന്ന് മാറുകയില്ല.

വേട്ടമൃഗവും ഇരയും അതിഥിത്തൊഴിലാളികളുടെ കുടുംബത്തിൽ പെട്ടവരാണ്. അന്യസംസ്ഥാനക്കാരുടെ പറുദീസയാണ് ഇപ്പോൾ കേരളം. ആരുടെയും കൃത്യമായ വിശദാംശങ്ങൾ ഇല്ലത്രേ. അന്യസംസ്ഥാനങ്ങളിലെ ക്രിമിനലുകളും പിടികിട്ടാപ്പുള്ളികളും വരെ കേരളത്തിൽ വിലസി നടക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ബംഗാളി എന്നു നാം അവരെ പൊതുവെ വിളിക്കുന്നുവെങ്കിലും അവരെല്ലാം ബംഗാളികളല്ല. അവരിൽ ആസാമികളും ബീഹാറികളും ഒറീസ്സക്കാരും ഒക്കെയുണ്ട്. ബംഗ്ലാദേശികൾ വരെയുണ്ടെന്നാണ് പറഞ്ഞുകേൾക്കുന്നത്.

കേരളം ലഹരിയുടെ പിടിയിൽ അമർന്നുകിടക്കുന്നതിന്റെ പ്രധാന കാരണക്കാർ ഈ അതിഥികളാണത്രേ. ഈ അതിഥികളെ അവരുടെ വിശദാംശങ്ങളറിയാതെ നാം ഇനിയും സത്കരിക്കണോ? സർക്കാർസംവിധാനങ്ങൾ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism:
    How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th August 2023

Posted at
Thrissur RMS

**ആനുകാലികം**

## ദേ പിന്നേം!

ദേ, പിന്നെയും മണിപ്പൂരിലെ സ്ത്രീപീഡനത്തെ ലഘൂകരിക്കാനുള്ള ശ്രമങ്ങൾ! കേരളത്തിലടക്കം സമാനമായ സംഭവങ്ങൾ നടന്നിട്ടുണ്ടെന്നാണ് ബിജെപി നേതാവായ അഭിഭാഷക സുപ്രീംകോടതിയിൽ വാദിച്ചത്. ആഗസ്റ്റ് 1–ാം തിയതിയിലെ പത്രങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നു. ആലുവായിൽ അഞ്ചുവയസ്സുകാരി കൊല്ലപ്പെട്ടു. എത്രയോ അഞ്ചുവയസ്സുകാരികൾ കൊല്ലപ്പെട്ടിരിക്കുന്നു, ഈ സംഭവത്തിനുമാത്രം എന്താണ് ഇത്ര പ്രസക്തി എന്നു ചോദിച്ചുകൊണ്ട് ആ സംഭവത്തെ ലഘൂകരിക്കാൻ നോക്കുന്നത് നല്ല പ്രവണതയല്ല. തെറ്റ് എവിടെ നടന്നാലും ആരു ചെയ്താലും തെറ്റു തന്നെയാണ്.

ഞങ്ങളുടെ ബന്ധു ചെയ്യുന്ന തെറ്റ്, ഞങ്ങളുടെ ഗവൺമെന്റ് ചെയ്യുന്ന തെറ്റ്, ഞങ്ങളുടെ ഗവൺമെന്റ് ഭരിക്കുന്ന സ്ഥലങ്ങളിൽ അരങ്ങേറുന്ന അക്രമങ്ങൾ, ഞങ്ങളുടെ സഭക്കാർ ചെയ്യുന്ന തെറ്റ്..... ഒന്നിനെയും ലഘൂകരിച്ചുകാണുകയോ ന്യായീകരിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. തെറ്റ് ചെയ്യുന്നവർക്ക് അത് പ്രോത്സാഹനമാകും. അവർ അഹങ്കാരത്തോടെ തെറ്റിൽ തുടരും. ഇരകളുടെ കണ്ണുനീരും രക്തവും ഇവിടെ പിന്നെയും ചൊരിയപ്പെടും. തലമുറകൾ ശാപത്തിന്റെ പിടിയിൽ അമരും.

ഏതായാലും സുപ്രീംകോടതി മണിപ്പൂർസംഭവങ്ങളെ ശരിയായി വിലയിരുത്തി എന്നതിൽ സന്തോഷമുണ്ട്. ഒരു കേസേടുക്കാൻ പോലും കഴിയാത്തവിധം മണിപ്പൂരിൽ ഭരണ–പൊലിസ് സംവിധാനം സമ്പൂർണ്ണമായി പരാജയപ്പെട്ടുവെന്നു സുപ്രീംകോടതി തുറന്നടിച്ചു.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V